കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോഡൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:do

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/1566/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം,

ഇ-മെയിൽ -dompm.ksad@kerala.gov.in

വെബ്-www.lfa.kerala.gov.in

ഫോൺ 0483 2734951

തീയതി. 12-07-17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

കോഡൂർഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോഡൂർ ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം.27/1566/2017 തിയ്യതി: 12-07-17

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2016 മുതൽ 13.6.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. 16 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽ 15 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവഹണാധികാരികളുടെ വിവരം എന്നിവ
ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ എ. എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം:- 27.6.2017 മുതൽ 5.7.2017 വരെ

1. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷീബ. ഇസഡ്. | ഓഡിററ് ഓഫീസർ (ഹ. ഗ്രേ.) |
| 2 | ശ്രീ.മുഹമ്മദ് അലി. എം. | അസിസ്റ്റന്റ് ഓഡിററ് ഓഫീസർ |
| 3 | ശ്രീഅഷറഫ് .കെ പി | സീനിയർ ഗ്രേഡ് ഓഡിററർ |
| 4 | ശ്രീമതി.ലത .ഒ.വി. | ഓഡിററർ |

2.നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|

| | |
|---|---|
| ശ്രീസി .പി ഷാജി | 1.4.2016മുതൽ 31.3.2017വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.പ്രേമാനന്ദൻ കെ | 01.04.2016 മുതൽ<br>31.3.2017 വരെ |

മററു നിർവഹണാധികാരികൾ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | 1.ശ്രീ.പ്രകാശ് പുത്തൻമഠത്തിൽ | 1.4.2016മുതൽ<br>31.3.2017വരെ |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിമൽകുമാർ വി എം | 1.4.2016മുതൽ<br>31.3.2017വരെ |
| 3 | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | ഡോ.ഷംസുദ്ദീൻ | 1.4.2016മുതൽ<br>31.3.2017വരെ |
| 4 | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ. സുമയ്യ | 1.4.2016മുതൽ<br>31.3.2017വരെ |
| 5 | വെറ്ററിനറി സർജൻ | ഡോ.സൂര്യ പി എസ് | 1.4.2016മുതൽ<br>31.3.2017വരെ |
| 6 | ഹെഡ്മാസ്ററർ | ശ്രീമതി. തിത്തു. എ | 1.4.2016മുതൽ<br>31.3.2017വരെ |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.നഷീദ കെ | 1.4.2016മുതൽ |

| | | | |
|---|---|---|---|
| | | | 31.3.2017വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. സീതാലക്ഷ്മി എം ജി | 1.4.2016മുതൽ<br>31.3.2017വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അബ്ദുൾ ജലീൽ തയ്യിൽ | 1.4.2016മുതൽ<br>31.3.2017വരെ |
| 10 | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. പ്രശാന്ത് ജി | 1.4.2016മുതൽ<br>31.3.2017വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റുമീന കെ | 1.4.2016മുതൽ<br>31.3.2017വരെ |

<u>ഉള്ളടക്കം</u>

ഭാഗം 1



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | ആഭ്യന്തര നിയന്ത്രണം | 1(11) |
| 12 | അനുബന്ധ പത്രികകൾ | 1(12) |
| | ഭാഗം-II | |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി | 2(1) |

| | | |
|---|---|---|
| | ഈടാക്കിയില്ല | |
| 14 | തൊഴിൽ നികുതി- അനുബന്ധ രജിസ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 2(2 ) |
| 15 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 2(3) |
| | ഭാഗം III | |
| 16 | സൗരോർജ്ജ വെളിച്ചത്തിൽ കോഡൂർ ഗ്രാമ പഞ്ചായത്ത് | 3(1) |
| 17 | ഐ എ വൈ വിഹിതം ചെലവഴിയ്ക്കാത്ത തുക തിരികെ നൽകിയില്ല | 3(2) |
| 18 | അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ-അപാകതകൾ | 3(3) |
| 19 | ആശ്രയ പദ്ധതി - രണ്ടാം ഘട്ടം പ്രൊജക്ട് അംഗീകാരമായില്ല:- | 3(4) |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3(5) |
| 21 | പാലിന് സബ്സിഡി- തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത വിവരം ലഭ്യമല്ല | 3(6) |
| 22 | മുൻകൂർ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകളൊന്നും ലഭ്യമാക്കിയില്ല | 3(7) |
| 23 | മരുന്ന് ലഭ്യമാക്കാതെ ഔഷധി കരാർ ലംഘിച്ചു | 3(8) |
| 24 | ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല | 3(9) |
| 25 | പരിരക്ഷ – ദിവസ വേതന ഡ്രൈവർക്ക് അധിക തുക നൽകി | 3(10) |
| 26 | വ്യക്തിഗത കക്കൂസ് നിർമ്മാണം - മുൻകൂർ തുക കൈപ്പറ്റി - പണി പൂർത്തീകരിച്ചില്ല | 3(11) |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ മൂല്യനിർണയ വിവരം ലഭ്യമാക്കിയില്ല | 3(12) |
| 28 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3(13) |
| 29 | പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല | 3(14) |
| 30 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നില്ല | 3(15) |
| | ഭാഗം-IV | |
| 31 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 36 | ഓഡിറ്റ് റിക്കവറി | 4(6) |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട | 4(7) |

| | | | |
|---|---|---|---|
| | ഖണ്ഡികകളുടെ വിശദാംശം. | | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4(8) | |
| 39 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |
| 40 | അനുബന്ധങ്ങൾ | | |

## ഭാഗം 1

### പൊതു അവലോകനം

## 1-1 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1/3.3.2016 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 9.6.2017 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 14890146 |
| വരവ് | 57564832 |
| ആകെ | 72454978 |
| ചെലവ് | 53390529 |
| നീക്കിബാക്കി | 19064449 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ചെലവ് ശതമാനം | നീക്കിബാക്കി | (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 13464112 | 13464112 | 10775961 | 80.03 | 2688151 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | - | 1862571 | 1862571 | 1862571 | 100 | 0 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | - | 10086 | 10086 | 10086 | 100 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 7314084 | 7314084 | 6013381 | 82.22 | 1300190 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 3694482 | 3694482 | 3539237 | 95.8 | 155245 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 7550550 | 7550550 | 7186870 | 95.18 | 363680 | 0 |
| ലോക ബാങ്ക് സഹായം | - | 4425530 | 4425530 | 2986356 | 67.48 | 1439174 | 0 |
| എൻ.ആർ.ഇ.ജി.എസ് | 4885 | 10560465 | 10565350 | 10554577 | 99.9 | 10773 | 10773 |
| ബി.ഫണ്ട് | | 41125538 | 41125538 | 41125538 | 100 | - | 0 |

## 1-6 പദ്ധതി അവലോകനം

എ . ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 51368050 | 169 | 40687854 | 32 | 2 | 83.25 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ - ഇല്ല

ബി.നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയവ

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 1629249 | 11 | 1035790 | 3 | 0 | 73 |
| വെറ്ററിനറി സർജൻ | 3 | 1934000 | 3 | 1934000 | 0 | 0 | 100 |
| എം ഒ (സി എച്ച് സി) | 5 | 1517019 | 4 | 1316550 | 0 | 1 | 80 |
| എം ഒ (ജി എച്ച് ഡി) | 1 | 50000 | 1 | 50000 | 0 | 0 | 100 |
| എം ഒ (ജി എ ഡി) | 1 | 300000 | 1 | 300000 | 0 | 0 | 100 |
| വി ഇ ഒ | 3 | 2557940 | 2 | 939200 | 1 | 1 | 33 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 6689811 | 7 | 5805990 | 0 | 1 | 87.5 |
| സെക്രട്ടറി | 34 | 9617354 | 28 | 6974386 | 6 | 6 | 65 |
| ഹെഡ്മാസ്റ്റർ | 3 | 2545000 | 2 | 2480000 | 0 | 1 | 67 |
| അസി. എഞ്ചിനിയർ | 124 | 22444773 | 124 | 17925125 | 20 | 0 | 84 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 170333 | 1 | 170333 | 0 | 0 | 100 |
| അസി. സെക്രട്ടറി | 9 | 1812571 | 9 | 1756480 | 1 | 0 | 89 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4621259 | 7374045 | 2752786 | +59.5% |
| നികുതിയേതര വരവുകൾ | 1502767 | 1389370 | 113397 | -7.5% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 9874474 | 10859412 | 984938 | +10% |
| ആകെ | 15998500 | 19622827 | 3624327 | 62% |

മറ്റ് വരവുകൾ എന്നതിലെ മുന്നിരിപ്പ്, മുൻവർഷ റിപ്പോർട്ടിൽ നിന്നും വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. വ്യത്യാസം വന്നതിനുള്ള കാരണം പ്രഥമ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

1.തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 68280 | 41 |
| കർഷകത്തൊഴിലാളി പെൻഷൻ | 1648010 | 187 |
| വിധവാ പെൻഷൻ | 12397090 | 1079 |
| വാർദ്ധക്യകാല പെൻഷൻ | 22257535 | 1869 |
| വികലാംഗ പെൻഷൻ | 4310745 | 382 |
| വിവാഹധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിലുള്ള ധനസഹായം | 306500 | 27 |

2.സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2016-17ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 7 | 5 | 2 | |
| 2 | കർഷകത്തൊഴിലാളി പെൻഷൻ | 4 | 4 | 1 | |
| 3 | വിധവാ പെൻഷൻ | 117 | 117 | 6 | |
| 4 | വാർദ്ധക്യകാല പെൻഷൻ | 454 | 454 | 38 | |

| | | | | | |
|---|---|---|---|---|---|
| 5 | വികലാംഗ പെൻഷൻ | 55 | 55 | - | |
| 6 | വിവാഹധനസഹായം | 10 | 10 | - | |
| 7 | 50 വയസ്സിനു മുകളില്ലുള്ള ധനസഹായം | 4 | 4 | - | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.6.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 34,739 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 8.3.2017 | 1.12.16മുതൽ 28.2.17വരെ | 26.3.17 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.9.2009മുതൽ 30.9.200വരെ | 2008-09 | 30.11.2009 | ഇല്ല |

## 1-11 ആഭ്യന്തര നിയന്ത്രണം

നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ഒഴികെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ജി.ഒ(പി)177/06 തീയതി 12-04-16 പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. ഹെഡ്മാസ്റ്റർ പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

2016-17 വർഷത്തിൽ 10 കരാറുകാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. തൊഴിൽനികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, 3 പേർ മാത്രമാണ് രണ്ടാം അർദ്ധവർഷത്തെ റിട്ടേണുകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളത്. ഇവരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ അർദ്ധവാർഷിക റിട്ടേണുകളും മുഴുവൻ കരാറുകാരിൽ നിന്നും രണ്ടു അർദ്ധവർഷങ്ങളിലെയും അർദ്ധവാർഷിക റിട്ടേണുകൾ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി- അനുബന്ധരജിസ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിയ്ക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ സ്ഥാപന രജിസ്റ്റർ, തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് എന്നിവ ഒടുക്കുന്നതിന് ബാധ്യസ്ഥരായ വ്യാപാര സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്ററ് എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തു പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ ലാബുകൾ, പാരലൽ കോളേജുകൾ, ഹോട്ടലുകളും കച്ചവട സ്ഥാപനങ്ങളും, വർക്ക് ഷോപ്പുകൾ, തടി മില്ലുകൾ, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഡി&ഒ ലൈസൻസ് ചുമത്തിയിട്ടുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായ തൊഴിൽ നികുതി ഈടാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും പിരിഞ്ഞു കിട്ടേണ്ട മുഴുവൻ നികുതിയും ഡിമാന്റ് ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 2-3 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

പഞ്ചായത്തിന്റെ പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഈ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാത്തതു സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ പ്രതിപാദിച്ചതിന്റെ അടിസ്ഥാനത്തിൽ, 22.12.16 ലെ നം എ4/2016 കത്തു പ്രകാരം റേഷൻ വ്യാപാരികൾക്ക് ഡിമാന്റ് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി, വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സൗരോർജ്ജ വെളിച്ചത്തിൽ കോഡൂർ ഗ്രാമ പഞ്ചായത്ത്

അടിക്കടിയുള്ള പവർ കട്ടിനെയും അമിതമായ വൈദ്യുതി ബില്ലിനെയും കോഡൂർ ഗ്രാമ പഞ്ചായത്ത് അധികൃതർ‹ പേടിക്കാനില്ല. സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചതിലൂടെ വൈദ്യുതി ക്ഷാമത്തെ അതിജീവിക്കാൻ കഴിഞ്ഞെന്ന് മാത്രമ അനുകരണീയ മാതൃക കൂടി സൃഷ്ടിച്ചിരിക്കുകയാണ് ഗ്രാമ പഞ്ചായത്ത് ഭരണസമിതി.

കോഡൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ്, കൃഷി ഭവൻ, കമ്പ്യൂട്ടർ സെന്റർ എന്നിവയിലെല്ലാം മുടങ്ങാതെ വൈദ്യുതി ലഭിക്കാ‹ അമിത ബില്ല് കുറവ് ചെയ്യാനും ലക്ഷ്യമിട്ടുള്ള സൗരോർജ്ജ സംഭരണ സംവിധാനം മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ‹ മാതൃകയാണ്. ഗ്രാമ പഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 166/14 നമ്പർ പ്രോജക്റ്റായിരുന്ന സോള പവർ പ്ലാന്റ് സ്ഥാപിക്കൽ. കേരള ലോക്കൽ ഗവ: സർവ്വീസ് ഡെലിവറി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ മാതൃകാ പദ്ധ‹ തയ്യാറാക്കിയിട്ടുള്ളത്. പെർഫോമൻസ് ഗ്രാന്റ് വിഹിതത്തിൽ നിന്ന് 10,80,030/- രൂപ മുടക്കിയാണ് ഇത് സ്ഥാപിച്ചത്. 10 I യാണ് ഇതിന്റെ ശേഷി. IGA Tech Indologies (P) Ltd, Calicut എന്ന സ്ഥാപനം മുഖേനയാണ് പവർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്ന‹ 03-03-2014 - ന് ഗ്രാമ പഞ്ചായത്തുമായി ചമച്ച കരാറുടമ്പടി പ്രകാരം സോളാർ പാനലിന് 25 വർഷത്തെയും ബാറ്ററിക്ക് വർഷത്തെയും വാറന്റിയാണ് കമ്പനി വാഗ്ദാനം നൽകിയിരിക്കുന്നത്.

3 സ്ഥാപനങ്ങളിലും കൂടി ശരാശരി 4500/- രൂപയുടെ കറന്റ് ബിൽ അടച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ ശരാശരി 500/- രൂ മാത്രമാണ് വൈദ്യുതി ചാർജ്ജിനത്തിൽ നിലവിൽ അടവാക്കേണ്ടി വരുന്നത്. കൂടാതെ വൈദ്യുതി ഫിക്സഡ് ചാർജ്ജിനത്തി ഈടാക്കിയിരുന്ന തുകയും ഒഴിവായി. മാത്രമല്ല, നേരത്തെയുണ്ടായിരുന്ന ത്രീ ഫേസ് വൈദ്യുതി കണക്ഷൻ സോളാർ പാന സ്ഥാപിച്ചതോടെ സിംഗിൾ ഫേസാക്കി മാറ്റുകയും ചെയ്തു.

മുൻ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.റെജുല പെലത്തൊടി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മ അധ്യക്ഷയായിരുന്ന ശ്രീമതി.ഫാത്തിമ, പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ചന്ദ്രൻ എന്നിവരുടെ ശക്തമായ ഇടപെടലാ‹ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ സഹായിച്ചത്.



ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന സോളാർ പവർ പ്ലാന്റ്

## 3-2 ഐ എ വൈ വിഹിതം ചെലവഴിയ്ക്കാത്ത തുക തിരിച്ച നൽകിയില്ല .

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് നം so 217/17ഐ എ വൈ അധിക വിഹിതം നൽകൽ (SCP) പദ്ധതി പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന് 15 പേരുടെ വിഹിതമായ 3,75,000 രൂപ (15*25000) ഡി ഡി നം.833478/25.1.17 പ്രകാരം ഒടുക്കിയിരുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് 1/26.6.17 പ്രകാരം_ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 325000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ചെലവഴിയ്ക്കാത്ത 2 പേരുടെ വിഹിതമായ 50000 രൂപയുടെ DDയും 4.7.17 ന് കോഡൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് തിരികെ നൽകുകയും തുക സർക്കാറിലേക്ക് അടക്കുകയും ചെയ്തു.

## 3-3 അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ-അപാകതകൾ

1.പദ്ധതി നിർവ്വഹണം

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസി. എഞ്ചിനിയർ നിർവ്വഹണം നടത്തുന്നതിനായി ആകെ 124 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 107 പ്രൊജക്ടുകൾ-മാത്രമാണ് നടപ്പാക്കിയത്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 109 പ്രവർത്തികൾക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. അസി.എഞ്ചിനിയറുടെ പദ്ധതികളിൽ 17% വും നടപ്പാക്കാനായില്ല. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 44%വും അസി. എഞ്ചിനിയറുടെ പദ്ധതികൾക്കാണ് വകയിരുത്തിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിൽ ഒരു അസി.എഞ്ചിനിയറും രണ്ട് ഓവർസിയറും ഒരു ക്ലർക്കുമാണുള്ളത്. (ഓവർസിയറിൽ ഒരാൾ താൽകാലികമാണ്). ആകെ 4 ജീവനക്കാർ മാത്രമുള്ള സാഹചര്യത്തിൽ മുഴുവൻ പദ്ധതികളും നടപ്പാക്കാൻ കഴിയാതെ വരുന്നു. പഞ്ചായത്തിന്റെ പദ്ധതിപണം ലാപ്സാകാൻ ഇതു ഇടയാകുന്നു. പ്രവർത്തികളുടെ ബാഹുല്യം ഗുണമേന്മ ഉറപ്പു വരുത്തുന്നത് അസാദ്ധ്യമാക്കുന്നു.

പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കേണ്ടതും വാർഡുകൾക്കായി ഫണ്ട് വീതം വെയ്ക്കുന്ന രീതി ഒഴിവാക്കേണ്ടതുമാണ്.

ആകെ പദ്ധതി അടങ്കൽ 2,24,44,773 രൂപയിൽ ചെലവഴിച്ചത് 1,79,25,125 രൂപയാണ്. മൊത്തം ചെലവ് 79.86% .

2.റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നില്ല:-

ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും റോഡ് കണക്ടിവിററി മാപ്പും റോഡ് കണക്ടിവിററി പ്ളാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും ഏതൊരു റോഡിന്റെ നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിററി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം എസ്.) നമ്പർ 4/2016/ത.സ്വ.ഭ.വ.11.1.2016 ഖണ്ഡിക 11.15 ൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. എന്നാൽ ആകെ നിർവ്വഹണം നടത്തിയ 85 റോഡു നിർമ്മാണ പ്രോജക്ടിനൊപ്പവും ഈ നിബന്ധന പാലിച്ചിട്ടില്ല.

3.വർക്കേഴ്സ് വെൽഫയർ ഫണ്ട് സെസ്സ് കളക്ഷൻ ചാർജ്ജ് പഞ്ചായത്തിൽ ഒടുക്കുന്നില്ല:-

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ടിലെ 3(2) വകുപ്പു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന മരാമത്തു പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% വെൽഫയർ ഫണ്ട് ബോർഡിൽ അടക്കേണ്ടതാണ്. ആക്ടിന്റെ 3(3) വകുപ്പു പ്രകാരം ഇപ്രകാരം ഈടാക്കുന്ന സെസ്സിന്റെ 1% തുക ഇതിന്റെ കളക്ഷൻ ചാർജ്ജായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ടതാണ്. 2016-17 ൽ സെസ്സിനത്തിൽ ആകെ 177545രൂപ ബോർഡിൽ ഒടുക്കിയിട്ടുണ്ട്. അതിന്റെ 1% തുകയായ 1775 രൂപ കോഡൂർ ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ടതാകയാൽ പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

4 റോഡ് കോൺക്രീററിംഗ് പ്രവൃത്തികൾ - ട്രാഫിക് സർവ്വേ, മണ്ണു പരിശോധന റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നില്ല:-

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 28.9.2015 ലെ ഡി.ബി.4/9099/സി.ഇ./ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം കോൺക്രീററ് പാതകൾ നിർമ്മിക്കുമ്പോൾ സി.പി.ഡബ്ള്യു.ഡി.സ്പെസിഫിക്കേഷൻ ഡി.എസ്.ആർ.കോഡ് 16:42 അനുസരിച്ചാണ് 1:2:4 എന്ന തരം സിമന്റ് കോൺക്രീററ് ചെയ്യേണ്ടത് എന്നും ഈ മാനദണ്ഡം 2010-11 മുതൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുന്നു. ഇതനുസരിച്ച് 1:2:4 എന്ന തരം സിമന്റ് കോൺക്രീററിംഗ് സാധാരണ സാഹചര്യത്തിൽ 5 സെ.മീ. കനത്തിലും വാഹന ബാഹുല്യം, സബ് ഗ്രേഡിന്റെ ഉറപ്പ് എന്നിവ പരിഗണിച്ച് 7.5 സെ.മീ. കനത്തിലും ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട സ്ഥലത്തിന്റെ അവസ്ഥ പരിഗണിച്ച് കൂടുതൽ കനത്തിൽ 1:2:4 കോൺക്രീററിന് വേണമെന്ന് വന്നാൽ വാഹന ബാഹുല്യം കാരണമാണെങ്കിൽ ആക്സിൽ ലോഡ് അറിയുന്നതിന് ട്രാഫിക് സർവ്വേ/ ട്രാഫിക് ഫോർകാസ്ററ് നടത്തുകയും സബ് ഗ്രേഡിന്റെ ഉറപ്പ് കാരണമാണെങ്കിൽ മണ്ണ് പരിശോധന നടത്തി റിപ്പോർട്ടുകൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കോഡൂർ പഞ്ചായത്തിൽ 2016-17 ൽ ആകെ 51 റോഡു കോൺക്രീററിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ മുഴുവൻ പ്രവൃത്തികളിലും ഇത്തരം റിപ്പോർട്ട് തയ്യാറാക്കാതെയാണ് 7.5 സെ.മീ. മുതൽ 10 സെ.മീ.കനത്തിൽ 1:2:4 കോൺക്രീററിംഗ് നടത്തിയിട്ടുള്ളത്. റോഡ് കോൺക്രീററിംഗ് പ്രവൃത്തികൾ അമിത കനത്തിൽ ചെയ്യുമ്പോൾ അവശ്യം വേണ്ട പരിശോധന നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കാണ്ടേതാണ്.

5.ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ മാർഗ്ഗരേഖ പാലിയ്ക്കുന്നില്ല:

പൊതുമാരാമത്തു ചട്ടങ്ങളിലെ ചട്ടം 13 ലും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലും പ്രതിപാദിക്കുന്ന നിബന്ധനകൾ പാലിക്കാതെയാനണ് കൺവീനർ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. മിനുട്സ് ബുക്ക്, ദൈനംദിന ഡയറി, വരവു ചെലവു കണക്ക്, അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നിർമ്മാണ വസ്തുക്കൾ വാങ്ങിയ ബില്ലുകൾ എന്നിവ ഹാജരാക്കുന്നില്ല. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി വരവു ചെലവുകൾ ബാങ്ക് വഴി നടത്തുന്നില്ല. 82 കൺവീനർ പ്രവൃത്തികളിലും ഇത്തരം നടപടിക്രമം പാലിച്ചിട്ടില്ല.

6.നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന് കൈപ്പററ് രശീതി ലഭ്യമാകുന്നില്ല:-

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം പൊതുമരാമത്തു പ്രവൃത്തികളുടെ ബില്ലിൽ നിന്ന് നേരിട്ട് സെക്രട്ടറി, കേരളാ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരത്തിന്റെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ അക്കൗണ്ട് നമ്പർ.799011400000072 ലേക്ക് ക്രെഡിററ് ചെയ്തു കാണുന്നു. എന്നാൽ തുക ലഭ്യമാകുന്നതിന് ശേഷം കൈപ്പററ് രശീതി ലഭിക്കുന്നില്ല. കൈപ്പററ് രശീതി ലഭ്യമാക്കേണ്ടതാണ്.

7.രജിസ്ററർ സൂക്ഷിപ്പ്:-

ടെണ്ടർ രജിസ്ററർ, എഗ്രിമെന്റ് രജിസ്ററർ, പ്രോജക്ട് രജിസ്ററർ, സബ്സിഡിയറി രജിസ്ററർ, ക്യാഷ്ബുക്ക് തുടങ്ങിയവയെല്ലാം നന്നായി സൂക്ഷിച്ചിട്ടുണ്ട്.

മേൽസൂചിപ്പിച്ച 1 മുതൽ 6 വരെയുള്ള അപാകതകൾ പരിഹരിച്ച് പദ്ധതി പ്രവർത്തനം കുററമററ രീതിയിൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിററ് എൻക്വയറി നമ്പർ 8 പ്രകാരം അപാകത പരിഹരിക്കാൻ നിർദ്ദേശം നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിയ്ക്കുന്നതാണെന്നറിയിച്ചു).

## 3-4 ആശ്രയ പദ്ധതി - രണ്ടാം ഘട്ടം പ്രൊജക്ട് അംഗീകാരമായില്ല:-

സ.ഉ (എം എസ്) നം 4/2016 ത.സ്വ.ഭ.വ തീയതി 11.1.16 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയറി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ പൊതു നിർദ്ദേശങ്ങൾ 12.3 ൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഇല്ലായ്മകൾ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി, ഒരു നിശ്ചിത കാലയളവിനുള്ളിൽ ഇല്ലായ്മകൾ പൂർണമായി പരിഹരിയ്ക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും രൂപം നൽകണം. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തി അയൽക്കൂട്ടതലത്തിലും വാർഡ് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പദ്ധതി തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ നിർമാർജന ഉപപദ്ധതിയ്ക്ക് രൂപം നൽകണം. മാർഗരേഖയിൽ അനുബന്ധം 13 ആയി ചേർത്ത പരിചരണ സേവന പാക്കേജ് പരിഗണിച്ച്, ഒരു ആശ്രയ പദ്ധതി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കോഡൂർ പഞ്ചായത്തിൽ ആശ്രയ ഒന്നാം ഘട്ടത്തിന്റെ തുടർ സേവന പദ്ധതിക്ക് സ.ഉ.(സാധാ)നമ്പർ 235/2017തീയതി 28.1.2017 പ്രകാരം അംഗീകാരമായി. 2016-19 കാലയളവിലെ തുടർ സേവന പദ്ധതിക്ക് അടങ്കൽ തുകയായി 1892138 രൂപ വകയിരുത്തിയിട്ടുണ്ട്. ഒന്നാംഘട്ട പദ്ധതിയിൽ ബാക്കിയുണ്ടായിരുന്ന 1355192 രൂപ ചെലവഴിക്കാനും അനുമതി നൽകിയിട്ടുണ്ട്. പുതുതായി ആവശ്യപ്പെട്ട ചലഞ്ച്ഫണ്ട് 743000/-രൂപ ലഭിച്ചിട്ടില്ല. ഭക്ഷണം (302400/-) കൂടാതെ, ചികിത്സ (346500) വിദ്യാഭ്യാസം (76500) ഭൂമി (150000) വീട് (750000) വീട് നവീകരണം (125000) മററുള്ളവ (141738) എന്നിവ വകയിരുത്തിയെങ്കിലും ഭക്ഷണ വിതരണം മാത്രമാണ് നടത്തിയത്. 3/17ൽ ഇതിനായി 25 ഗുണഭോക്താക്കൾക്ക് 8390/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോഡൂർ സഹകരണ റൂറൽ ബാങ്ക് വെസ്ററ് കോഡൂരിന്റെ അക്കൗണ്ട് നമ്പർ 1557 ൽ 31.3.2017 ന് 1503547/-രൂപ നീക്കിയിരിപ്പുണ്ട് . രണ്ടാം ഘട്ട പദ്ധതി അംഗീകാരത്തിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ദാരിദ്ര്യ നിർമാർജന ഉപപദ്ധതിയിൽ "ആശ്രയ " എന്ന സ്പഷ്ട പ്രോജക്ട് ഉണ്ടായിരിയ്ക്കണമെന്നതിനാൽ, രണ്ടാം ഘട്ട പദ്ധതിയ്ക്കായി ഊർജിത ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ്മാസ്ററർ നിർവ്വഹണം നടത്തിയ "എസ്എസ് എ യ്ക്കു വിഹിതം നൽകൽ "എന്ന പ്രൊജക്ടിനു വേണ്ടി (പ്രൊജക്ട് നം66/17) വികസന ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക പിൻവലിച്ച് എസ്എസ് എ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം &തീയതി | തുക |
|---|---|---|
| 1 | 2/2016-17 18.11.2016 | 1000000 |
| 2 | 3/2016-17 21.2 2017 | 1255000 |

ആകെ 22,55,000

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഓഡിററിനു ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിററ് എൻക്വയറി നൽകിയിട്ടുണ്ട് (4/30.6.2017) വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 22,55,000 രൂപ തടസ്സം ചെയ്യുന്നു

## 3-6 പാലിന് സബ്സിഡി- തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത വിവരം ലഭ്യമല്ല

11-01-2016 -ലെ ജി.ഒ (എം.എസ്) 4/2016/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലൂടെ നൽകേണ്ടതാണ്.

2016-17-ൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 194/17 'പാലിന് സബ്സിഡി' -യുടെ ലിസ്റ്റിലുൾപ്പെട്ട 30 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം താഴെ പറയുന്ന ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും സബ്സിഡി തുക യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന വിവരം ഉറപ്പാക്കിയിട്ടില്ല.

| ബിൽ നമ്പർ/തീയതി | | തുക |
|---|---|---|
| 1/16-17/25-02-2017 | - | 1,35,494 |
| 2/16-17/30-03-17 | - | 34,839 |
| ആകെ | - | 1,70,333 |

മേൽ ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട 2 ഗുണഭോക്താക്കൾ സബ്സിഡി തുക അക്കൗണ്ടിലേക്ക് വരവ് വന്നിട്ടില്ലെന്ന് രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ട്രഷറിയുമായി ബന്ധപ്പെട്ട് അപാകത പരിഹരിച്ചതായി ഫയൽ പരിശോധിച്ചതിൽ നിന്നും കാണുകയുണ്ടായി. ട്രഷറിയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്ന വിഷയത്തിൽ ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം വാങ്ങി ഫയലിലിൽ സൂക്ഷിക്കുകയോ, അല്ലാത്ത പക്ഷം തുക ക്രെഡിറ്റ് ചെയ്തതിന് ശേഷം ഗുണഭോക്താക്കളുടെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഫയലിൽ ഇടുകയോ ചെയ്യേണ്ടതുണ്ട്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കാനാവശ്യപ്പെട്ട് 01-07-2016 – ന് നൽകിയ 10 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവഹണത്തിൽ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്. ആയത് പരിശോധനക്കായി ഹാജരാക്കുന്നത് വരെ ചെലവ് തുക 1,70,333 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 മുൻകൂർ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകളൊന്നും ലഭ്യമാക്കിയില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നൊന്നും തന്നെ KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | ബിൽ നമ്പർ/ തീയതി | തുക | തുക കൈപ്പറ്റിയ വിവരം |
|---|---|---|---|
| S0053/17, PHC -യിലേക്ക് മരുന്ന് വാങ്ങൽ' | 5/16-17/ 28-02-17 | 3,65,000 | രസീത് നമ്പർ 3499/01-03-17 പ്രകാരം KMSCL – ന്റെ 184317284 നമ്പർ അക്കൗണ്ടിൽ വരവ് വന്നതായി അറിയിച്ചു |
| S00057/17, പാലിയേറ്റീവ് കെയർ | 6/16-17/ 28-02-17 | 3,30,000 | രസീത് നമ്പർ 3500/01-03-17 പ്രകാരം KMSCL – ന്റെ 184317230 നമ്പർ അക്കൗണ്ടിൽ |

| | | | |
|---|---|---|---|
| | | | വരവ് വന്നതായി അറിയിച്ചു |
| S0052/17, മാനസിക രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ | 7/16-17/ 28-02-17 | 3,00,000 | രസീത് നമ്പർ 3489/01-03-17 പ്രകാരം KMSCL – ന്റെ 183446518 നമ്പർ അക്കൗണ്ടിൽ വരവ് വന്നതായി അറിയിച്ചു |
| ആകെ | | 9,95,000 | |

ഇക്കാര്യം പരാമർശിച്ച് 01-07-2017 - ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 6) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ എത്രയും വേഗം വിതരണം ചെയ്യാൻ KMSCL നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പകർച്ചവ്യാധികളും പനിമരണങ്ങളും കൊണ്ട് പൊറുതി മുട്ടുന്ന ഈ സമയത്ത് അത്യാവശ്യ മരുന്നുകൾ വിതരണം ചെയ്യാത്ത KMSCL - ന്റെ നടപടി അംഗീകരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 9,95,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 മരുന്ന് ലഭ്യമാക്കാതെ ഔഷധി കരാർ ലംഘിച്ചു

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ക്ട് നമ്പർ 81/17, ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -ന്റെ ഭാഗമായി, മരുന്ന് വിതരണം ചെയ്യുന്നതിനായി 30-01-2017 -ലെ 1/16-17 നമ്പർ ബിൽ പ്രകാരം 3,00,000/- രൂപ പിൻവലിച്ച് ഔഷധിക്ക് കൈമാറിയിട്ടുണ്ട്. 03-02-2017 – ന് ഔഷധിയുമായി ചമച്ച കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യേണ്ടതാണ്. ഉടമ്പടി പ്രകാരം 04-04-17 – നകം മുഴുവൻ മരുന്നും വിതരണം ചെയ്യേണ്ടതായിരുന്നുവെങ്കിലും താഴെ കൊടുത്തിരിക്കുന്നത് പ്രകാരം 1,87,654/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

| ഇൻവോയ്സ് നമ്പർ/തീയതി | | മരുന്നിന്റെ വില |
|---|---|---|
| 4375/28-02-17 | - | 1,39,665 |
| 5164/31-03-17 | - | 47,989 |
| ആകെ | - | 1,87,654 |

മെഡിക്കൽ ഓഫീസറുടെ 17-06-17 – ലെ c-25/17 നമ്പർ കത്തിൽ ഇനിയും ലഭ്യമാക്കാൻ അവശേഷിക്കുന്ന 1,12,346 രൂപയുടെ മരുന്നുകൾ കൂടി എത്തിക്കാൻ ഔഷധിയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കരാർ ലംഘിച്ചതിന് ഔഷധിക്കെതിരെ സ്വീകരിച്ച നടപടി വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് 28-06-2017 – ന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്ന (നമ്പർ - 2) ആയതിന് ലഭ്യമാക്കിയ മറുപടിയിൽ എത്രയും വേഗം മരുന്നുകൾ കിട്ടിയില്ലെങ്കിൽ കരാറുടമ്പടി ലംഘിച്ചതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

ആയതിനാൽ ഇനിയും ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിലയായ 1,12,346 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-9 ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ക്ട് നമ്പർ 80/17, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -ന്റെ ഭാഗമായി, മരുന്ന് വിതരണം ചെയ്യുന്നതിനായി 09-03-2017 -ലെ 1/16-17 നമ്പർ ബിൽ പ്രകാരം 50,000/- രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ 01-06-17 -ലെ 3033 നമ്പർ രസീത് പ്രകാരം തുക കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ടെങ്കിലും നാളിത് വരെ മരുന്നൊന്നും

ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് 01-07-2017 -ന് ഹോമിയോ മെഡിക്കൽ ഓഫീസർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നമ്പർ -7) ആയതിന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ വിതരണം ചെയ്യാനായി 25-05-17 -നും 02-07-17 നും ഹോംകോ-ക്ക് ഇ-മെയിൽ അയച്ചിട്ടുണ്ടെന്നും മരുന്നുകൾ ഉടൻ വിതരണം ചെയ്യുമെന്നുമാണ് അറിയിച്ചിരിക്കുന്നതെന്നും കാണിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 50,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 പരിരക്ഷ - ദിവസ വേതന ഡ്രൈവർക്ക് അധിക തുക നൽകി

പരിരക്ഷ ഹോംകെയറിന് പോകാത്ത ദിവസങ്ങളിൽ പരിരക്ഷാ വാഹനത്തിന്റെ താൽക്കാലിക ഡ്രൈവർക്ക് വേതനം നൽകിയതിലൂടെ 6,500/- രൂപയുടെ നഷ്ടമുണ്ടായി.

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 'പാലിയേറ്റീവ് കെയർ' (പ്രോജക്റ്റ് നമ്പർ 17/17) പ്രോജക്ടിന്റെ ഭാഗമായി വിവിധ ദിവസങ്ങളിൽ പരിരക്ഷ ടീമംഗങ്ങളുമായി ഗൃഹ സന്ദർശനം നടത്തിയതിന് ഉപയോഗിച്ച പി.എച്ച്.സി -യിലെ ഓമ്നി വാനിന്റെ (നമ്പർ KL10 AL – 6302) ദിവസവേതന ഡ്രൈവർ ശ്രീ.വീരാൻകുട്ടിക്കാണ് ഇപ്രകാരം അനർഹമായി വേതനം നൽകിയത്.

വാഹനത്തിന്റെ ലോഗ്ബുക്ക്, പരിരക്ഷ ഹോംകെയർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്നത് പ്രകാരം ടിയാൻ അധിക തുക കൈപ്പറ്റിയിട്ടുണ്ട്.

| ഗൃഹ സന്ദർശനം നടത്തിയ മാസം/ തീയതി | ആകെ അർഹമായ വേതനം @ 650/ദിവസം | നൽകിയത് | അധികം | ബിൽ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| ഏപ്രിൽ 2016 (12 ദിവസം)<br>2,6,7,12,15,16,20,21, 23,26,28,30<br>മേയ് 2016 (12 ദിവസം)<br>5,10,11,12,13,17, 19,21,24,26,28, 31<br>ജൂൺ 2016 (12 ദിവസം)<br>2,8,9,10,14,16,18, 21,23,25,28,30 | 23,400<br>(36X650) | 24,700<br>(38x650) | 1,300 | ചെക്ക് നമ്പർ - 4062172/16-07-16 | വൗച്ചറിന്റെ കൂടെ വാഹനം ഓടിയ ദിവസങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് വെച്ചിട്ടില്ല |
| ജൂലായ് 2016 (13 ദിവസം) | 8450<br>(13X650) | 9,750<br>(15x650) | 1,300 | 2/16-17/<br>26-09-16 | വൗച്ചറിൽ 08-07-16, 22-07-16 എന്നീ |

| | | | | | |
|---|---|---|---|---|---|
| 2,5,7,9,12,14,16,19,21,23, 26, 28,30 | | | | | ദിവസങ്ങളിലും പരിരക്ഷക്ക് പോയതായി കാണിച്ചു |
| ആഗസ്റ്റ് 2016<br>(13 ദിവസം)<br>3,4,6,9,11, 16,18,19,20, 23, 25,27,30 | 8450<br>(13X650) | 9,750<br>(15x650) | 1,300 | 2/16-17/<br>26-09-16 | വൗച്ചറിൽ 13-08-16 ന് പോയതായി കാണിച്ചു. ലോഗ് ബുക്ക് പ്രകാരം 01-08-16 -ന് പരിരക്ഷക്കായി വാഹനം ഓടിയിട്ടുണ്ടെങ്കിലും , ഹോം കെയർ രജിസ്റ്റർ പ്രകാരം അന്നേ ദിവസം ഗൃഹ സന്ദർശനം നടന്നിട്ടില്ല. |
| സെപ്റ്റംബർ 2016<br>(11 ദിവസം)<br>1,3,6,8,10,17,20, 22,24,27,29 | 7,150<br>(11X650) | 9,100<br>(14X650) | 1,950 | 3/16-17/<br>10-11-16 | വൗച്ചറിന്റെ കൂടെയുള്ള സ്റ്റേറ്റ്മെന്റിൽ ജൂലായ് 16 ൽ വാഹനം ഓടിയതിന്റെ വിവരങ്ങളാണ് കാണിച്ചിട്ടുള്ളത്.<br>ജൂലായിലെ വേതനം ബിൽ നമ്പർ 2/16-17/ 26-09-16 പ്രകാരം<br>നൽകിയിട്ടുള്ളതാണ്. |
| ഒക്ടോബർ 2016<br>(14 ദിവസം)<br>4,5,6,8,13,14,15,18, 19,20,22,25, 27,28 | 9,100<br>(14X650) | 9,750<br>(15x650) | 650 | 4/16-17/ 23-11-16 | വൗച്ചറിൽ 30-10-16 ന് പോയതായി കാണിച്ചു. ലോഗ് ബുക്ക് പ്രകാരവും ഗൃഹ സന്ദർശന രജിസ്റ്റർ പ്രകാരവും അന്നേ ദിവസം ഗൃഹ സന്ദർശനം നടന്നിട്ടില്ല. |

| | |
|---|---|
| ആകെ അധികം | 6,500/- |

വൗച്ചറുകളുടെ ആധികാരികത, ബന്ധപ്പെട്ട രജിസ്റ്ററുകൾ ഒത്തുനോക്കി ഉറപ്പ് വരുത്താതെ ഡ്രൈവർക്ക് ദിവസ വേതനം നൽകുക വഴിയുണ്ടായ നഷ്ടം 6,500/- രൂപ തിരികെ അടവാക്കി വിവരമറിയിക്കാനാവശ്യപ്പെട്ട് 29-06-2017 - ന് ഉത്തരവാദിയായ PHC മെഡിക്കൽ ഓഫീസർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് 03-07-17 -ന് ലഭ്യമാക്കിയ മറുപടിയിൽ നഷ്ട തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് അവസാനിക്കുന്ന തീയതി വരെയും തുക അടവാക്കിയിട്ടില്ലാത്തതിനാൽ നഷ്ട തുക 6,500/- രൂപ ഉത്തരവാദിയായ PHC മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-11 വ്യക്തിഗത കക്കൂസ് നിർമ്മാണം - മുൻകൂർ തുക കൈപ്പറ്റി - പണി പൂർത്തീകരിച്ചില്ല

വ്യക്തിഗത കക്കൂസ് നിർമ്മാണ (പ്രോജക്റ്റ് നമ്പർ - 79/17) പ്രോജക്റ്റിലെ ഗുണഭോക്താവായ ശ്രീമതി.ചക്കി, W/o.കുഞ്ഞാടി, ഇഗ്രിക്കുന്നത്ത്, ആൽപറ്റ കുളമ്പ് എന്നവർക്ക് നൽകാനായി 31-01-17 – ലെ 5/16-17 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും 12,000/- രൂപ പിൻവലിച്ച് നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ തന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിൽ നിന്നും 10,000/- രൂപ ശ്രീമതി.ചക്കിയുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി 04-07-2017 – ന് നടത്തിയ സ്ഥല പരിശോധനയിൽ 10,000/- രൂപ കൈപ്പറ്റിയ ടിയാൾ, നാളിതുവരെ കക്കൂസിനുള്ള കുഴി മാത്രം കുഴിച്ചിട്ടുള്ളുവെന്ന് കാണുകയുണ്ടായി. വികസന ഫണ്ടിൽ നിന്നും ബാക്കി കിട്ടാനുള്ള 2,000/- രൂപയും ശുചിത്വ മിഷൻ ഫണ്ടിൽ നിന്നുമുള്ള വിഹിതം 3,600/- രൂപയുമുൾപ്പെടെ ആകെ 5,600/- രൂപ മാത്രമാണ് ഇനി നൽകാൻ അവശേഷിക്കുന്നത്. കരാർ വെച്ച മറ്റ് ഗുണഭോക്താക്കളെല്ലാം തന്നെ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും മേൽ ഗുണഭോക്താവിന്റെ നിർമ്മാണ പ്രവൃത്തി പാതി വഴിയിൽ പോലും എത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നത്.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് 04-07-17 -ന് നൽകിയ 13 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 31 ജൂലൈ 2017 – നകം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കും എന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കക്കൂസ് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാത്ത പക്ഷം ചെലവ് തുക 10,000/- രൂപ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതും വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് വി.ഇ.ഒ -യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന 2,000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. ആയത് വരെ 12,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-12 ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ മൂല്യനിർണയ വിവരം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./ തിയതി | വിവരണം | സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 317/ 26.08.16 | മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതി<br>പ്രോജക്ട് നം. 37/17 | KWA | 1600000 |
| 2 | 390/ 22.09.16 | തോട്ടുങ്ങൽ അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ<br>പ്രോജക്ട് നം. 83/17 | KSEB | 31630 |
| 3 | 734/ 23.01.17 | സ്ട്രീറ്റ് മെയിൻ, മീറ്റർ സ്ഥാപിക്കൽ<br>പ്രോജക്ട് നം. 40/17 | KSEB | 980000 |

| | | | | |
|---|---|---|---|---|
| 4 | 832/ 09.02.17 | കുടിവെള്ള പദ്ധതി പുനരുദ്ധാരണം & പൈപ്പ് ലൈൻ നീട്ടൽ<br>പ്രോജക്ട് നം. 221/17 | KWA | 257000 |
| 5 | 831/ 09.02.17 | കാലംപറമ്പ് കുടിവെള്ള പദ്ധതിക്ക് വിഹിതം<br>പ്രോജക്ട് നം. 38/17 | KWA | 1000000 |
| ആകെ | | | | 3868630 |

ടി പ്രവൃത്തികളുടെ പൂർത്തീകരണ മൂല്യനിർണയ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവുതുക 38,68,630 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന ചെലവുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം./ തിയതി | വിവരണം | തുക |
|---|---|---|---|
| 1 | 738/ 10.01.17 | IKM ന് വിഹിതം നൽകിയത്<br>പ്രോജക്ട് നം. 82/17 | 93863 |
| 2 | 828/ 04.02.17 | DPC ബിൽഡിംഗ് നിർമ്മാണത്തിന് വിഹിതം നൽകിയത്<br>പ്രോജക്ട് നം. 218/17 | 200000 |
| 3 | 830/ 04.02.17 | അനിമൽ ബെർത്ത് കൺട്രോൾ പദ്ധതിക്ക് വിഹിതം മലപ്പുറം ജില്ലാ പഞ്ചായത്തിന് നൽകിയത്<br>പ്രോജക്ട് നം. 219/17 | 100000 |
| ആകെ | | | 393863 |

അർഹമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവുതുക 3,93,863 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-14 പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല

സെക്രട്ടറി ശ്രീ. കെ.പ്രേമാനന്ദന് ശമ്പള കുടിശിക നൽകിയതിന് ആനുപാതികമായ പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയതി | വിവരണം | അരിയർ പേ | പെൻഷൻ അംശദാനം 15 % |
|---|---|---|---|---|
| 1 | 21600103/ 30.05.16 | 17.12.15 മുതൽ 30.04.16 വരെയുള്ള റേഷ്യോ പ്രൊമോഷൻ കുടിശിക നൽകിയത് 4147 രൂപ | 2160 | 324 |
| 2 | 21600104/ 30.05.16 | 2/2016 മുതൽ 4/2016 വരെയുള്ള പേ റിവിഷൻ അരിയർ [G.O(P) 7/2016/Fin Dtd: 20.01.16 പ്രകാരം]നൽകിയത് 27699 രൂപ | 87950 | 13193 |
| ആകെ | | | | 13,517 |

ടി തുക സർക്കാരിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നില്ല

കേരള ഗ്രാമീണ് ബാങ്കിന്റെ കോഡൂർ ശാഖയിൽ വി.ഇ.ഒ യുടെ പേരിലുള്ള 40165100107189 നമ്പർ അക്കൗണ്ടിൽ 01-05-2017 – ലെ കണക്ക് പ്രകാരം 42,312 രൂപ നീക്കിയിരിപ്പുണ്ട്. കാലാകാലങ്ങളിൽ വിവിധ പ്രോജക്ടുകൾക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച് ഈ അക്കൗണ്ടിൽ നിക്ഷേപിച്ചതിൽ നിന്നും ലഭിച്ച പലിശയാണ് ഇപ്രകാരം അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ളത്. നിലവിൽ വിവിധ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്കുള്ള ധനസഹായം ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ പ്രത്യേകം അക്കൗണ്ട് നിലനിർത്തേണ്ട ആവശ്യമില്ല. മാത്രമല്ല, ഈ അക്കൗണ്ടിലൂടെയുള്ള പണമിടപാടുകൾ സാംഖ്യയിൽ പ്രതിഫലിക്കുകയുമില്ല. ധന ദുർവിനിയോഗത്തിന് സാധ്യതയുള്ളതിനാൽ ഈ അക്കൗണ്ട് എത്രയും വേഗം ക്ലോസ് ചെയ്യേണ്ടതുണ്ട്.

ഇക്കാര്യം അറിയിച്ച് കൊണ്ട് 04-07-2017 – ന് വി.ഇ.ഒ- ക്ക് നൽകിയ 14 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ട് ക്ലോസ് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലും ഇതുപോലെ അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ടെങ്കിൽ ആയതും ക്ലോസ് ചെയ്യേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.

## 4-10 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 198/17<br>പാറമ്മൽ അങ്കണവാടി നിർമ്മാണം | | 500000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 37/17<br>മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതി | 324/26-08-16 | 1600000 | 1600000 | പൂർത്തീകരിച്ചു | ഇല്ല |
| | 38/17<br>കാലംപറമ്പ് കുടിവെള്ള പദ്ധതിയ്ക്ക് വിഹിതം | 788/17/9-2-17 | 1000000 | 1000000 | പൂർത്തീകരിച്ചു | ഇല്ല |
| | 221/17<br>കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 789/17 /9-02-17 | 257000 | 257000 | പൂർത്തീകരിച്ചു | ഇല്ല |
| | 40/17<br>സ്ട്രീററ് മെയിൻ മീററർ സ്ഥാപിയ്ക്കൽ | 722/17 /23-01-17 | 980000 | 980000 | പൂർത്തീകരിച്ചു | ഇല്ല |
| | 83//17<br>തോട്ടുങ്ങൽ അങ്കണവാടിയ്ക്ക് വൈദ്യുതി കണക്ഷൻ | 394/17 /22-09-16 | 31630 | 31630 | പൂർത്തീകരിച്ചു | ഇല്ല |
| | 222/17സമ്പൂർണ്ണ വൈദ്യുതീകരണം | 777/17/4-2-17 | 203000 | 203000 | പൂർത്തീകരിച്ചു | ഇല്ല |
| | 236/17<br>പുതിയ സ്ട്രീററ് മെയിൻ മീററർ സ്ഥാപിയ്ക്കൽ | | 907554 | 0 | നടപ്പാക്കിയില്ല | 907554 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 3-9 | 2006-07 | 3.71.4 | വാട്ടർ അതോറി<br>റ്റിയിൽ നിക്ഷപിച്ച തുകയുടെ പൂർത്തീകരണ<br>സാക്ഷ്യപത്രം സംബന്ധിച്ച് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57564832 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53390529 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7857172 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-10 | | 6500 | ഡോ. ഷംസുദ്ദീൻ<br>മെഡിക്കൽ ഓഫീസർ (PHC) |
| ആകെ | | 6500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2255000 | ശ്രീമതി തിത്തു എം, ഹെഡ്മിസ്ട്രസ് |
| 3-6 | 170333 | ശ്രീമതി.റുമീന കെ<br>ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-7 | 995000 | ഡോ. ഷംസുദ്ദീൻ<br>മെഡിക്കൽ ഓഫീസർ (PHC) |
| 3-8 | 112346 | ഡോ.പ്രശാന്ത് .ജി<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-9 | 50000 | ഡോ.സുമയ്യ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-11 | 12000 | ശ്രീ വിമൽകുമാർ വി ഇ ഒ |
| 3-12 | 3868630 | ശ്രീ പ്രേമാനന്ദൻ സെക്രട്ടറി |
| 3-13 | 393863 | ശ്രീ പ്രേമാനന്ദൻ സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 7857172 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | എൽ എഫ് എം6/1986/83 19.10.10 | 2 |
| 1983-84 | എൽ എഫ് എം6/53/89 19.10.10 | 1 |
| 1985-86 | എൽ എഫ് എം6/933/92 19.10.10 | 1 |
| 1986-87<br>1987-88 | എൽ എഫ് എം6/1794/94 19.10.10 | 2 |
| 1988-89<br>1989-90<br>1990-91 | എൽ എഫ് എം6/1477/95 19.10.10 | 7 |
| 1991-92<br>1992-93 | എൽ എഫ് എം6/1570/95 19.10.10 | 8 |
| 1993-94<br>1994-95 | എൽ എഫ് എം5/1024 19.10.10 | 28 |

| | | |
|---|---|---|
| | | |
| 1995-96 | എൽ എഫ് എം14/719/03 19.10.10 | 8 |
| 1996-97 | എൽ എഫ് എം12/788/07 19.10.10 | 21 |
| 1997-98 | എൽ എഫ് എം14/1205/01 19.10.10 | 16 |
| 1998-99 | എൽ എഫ് എം11/660/04 19.10.10 | 16 |
| 1999-00 | എൽഎഫ്എം12/1467/08 19.10.10 | 15 |
| 2000-01 | എൽ എഫ് എം12/1492/07 19.10.10 | 16 |
| 2001-02 | എൽ എഫ് എം12/868/06 19.10.10 | 8 |
| 2002-03 | എൽ എഫ് എം12/869/06 19.10.10 | 5 |
| 2003-04 | എൽ എഫ് എം12/369/10 19.10.10 | 20 |
| 2004-05 | എൽ എഫ് എം12/390/10 19.10.10 | 11 |
| 2005-06 | എൽ എഫ് എം12/391/10 19.10.10 | 13 |
| 2006-07 | എൽ എഫ് എം12/542/11 6.6.2011 | 14 |
| 2007-08 | എൽ എഫ് എം12/731/11 8.6.2011 | 24 |
| 2008-09 | എൽഎഫ്എം12/67/11 11.11.2011 | 18 |
| 2009-10 | എൽഎഫ്എം/12/68/11 16.11.2011 | 16 |
| 2010-11 | എൽഎഫ് എം14/937/12 8.6.2012 | 14 |
| 2011-12 | എൽഎഫ്എം14/2850/12 11.12.2012 | 21 |

| | | |
|---|---|---|
| | | |
| 2012-13 | എൽ എഫ് എം14/1101/15 4.11.15 | 14 |
| 2013-14<br>2014-15 | കെ എസ് എ എം പി എം27/2096/16 | 14 |
| 2015-16 | കെ എസ് എ എം പി എം 27/3/17<br>30.1.2017 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1

## ഓഡിററ് സർട്ടീഫിക്കററ്

കെ.എസ്.എ.എം.പി.എം.27/1566/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി 12-07-2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ **2016-17** വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## AUDIT CERTIFICATE

No.KSA/MPM.27/1566/2017

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951

Email: dompm.ksad@kerala.gov.in
Date:12-07-2017

Certified that I have audited the Annual Financial Statement of **Kodur Grama panchayath** in **Malappuram** District of the year ended on **31.3.2017** in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of **Kodur Grama panchayath** for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department